നബിയുടെ (صلى الله عليه وسلم) പാരായണത്തെക്കുറിച്ച് ചോദിക്കപ്പെട്ടു
ഇബ്നു അബീ മുലൈക്ക (الله رحمه (നിവേദനം: നബിയുടെ (صلى الله عليه وسلم) ഭാര്യമാരിൽ ഒരാളിൽ നിന്ന് - (അബൂ
ആമിർ പറയുന്നു, നാഫിഅ് പറഞ്ഞു: അത് ഹഫ്സ (رضي الله عنها) ആണെന്നാണ് ഞാൻ കരുതുന്നത്) -
അവർ നബിയുടെ (صلى الله عليه وسلم) പാരായണത്തെക്കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ അവർ പറഞ്ഞു:
"നിങ്ങൾക്ക് അതുപോലെ ചെയ്യാൻ സാധിക്കില്ല." അപ്പോൾ അവരോട് പറയപ്പെട്ടു:
"ഞങ്ങൾക്ക് അത് പറഞ്ഞു തന്നാലും." (നിവേദകൻ) പറയുന്നു: അങ്ങനെ അവർ സാവധാനം നിർത്തി
നിർത്തിയുള്ള ഒരു പാരായണശൈലി ഓതിക്കൊടുത്തു. അബൂ ആമിർ പറയുന്നു, നാഫിഅ് പറഞ്ഞു:
ഇബ്നു അബീ മുലൈക്ക അത് ഞങ്ങൾക്ക് വിവരിച്ചു തന്നു: അദ്ദേഹം {അൽഹംദു ലില്ലാഹി
റബ്ബിൽ ആലമീൻ} എന്ന് ഓതി, ശേഷം നിർത്തി. {അർറഹ്മാനീ റഹീം} എന്ന് ഓതി, ശേഷം നിർത്തി.
{മാലിക്കി യൗമിദ്ദീൻ} എന്ന് ഓതി.
[സ്വഹീഹ്] [അഹ്മദ് ഉദ്ധരിച്ചത്]
വിശ്വാസികളുടെ മാതാവായ ഹഫ്സയോട് (عنهـــــــا اللـــــــه رضـــــــي (നബിയുടെ (صلى الله عليه وسلم) ഖുർആൻ പാരായണം
എങ്ങനെയായിരുന്നുവെന്ന് ചോദിക്കപ്പെട്ടു. അപ്പോൾ അവർ പറഞ്ഞു: "നിങ്ങൾക്ക് അതുപോലെ
ചെയ്യാൻ സാധിക്കില്ല." അപ്പോൾ അവരോട് ചോദിക്കപ്പെട്ടു: "ഞങ്ങൾക്ക് അത്
പറഞ്ഞുതന്നാലും." നാഫിഅ് പറയുന്നു: നബിയുടെ (صلى الله عليه وسلم) പാരായണരീതി അവർക്ക്
വിവരിച്ചുകൊടുക്കാൻ വേണ്ടി ഇബ്നു അബീ മുലൈക്ക ഞങ്ങൾക്ക് സാവധാനം ഓതിത്തന്നു. അദ്ദേഹം
{അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ} എന്ന് ഓതി, ശേഷം പാരായണം നിർത്തി; എന്നിട്ട് {അർറഹ്മാനീ
റഹീം} എന്ന് ഓതി. ശേഷം പാരായണം നിർത്തി; എന്നിട്ട് {മാലിക്കി യൗമിദ്ദീൻ} എന്ന് ഓതി.
https://www.sunnah.global/hadeeth/ml/show/65247